പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2880 12.10.2011 – ൽ മറുപടിയ്ക്ക്

## കാർഷികമേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| കർഷകർക്ക് ആവശ്യമുള്ള കൃഷി യന്ത്രങ്ങൾ സൗജന്യമായി നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ? | കൃഷി വകുപ്പ്, ജില്ലയിലെ എഞ്ചിനീയറിംഗ് ഓഫീസുകളിലുള്ള കസ്റ്റംഹയറിംഗ് സെന്ററുകൾ വഴി മിതമായ നിരക്കിൽ ആവശ്യാനുസരണം കർഷകർക്ക് ലഘുയന്ത്രങ്ങൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്. ഇതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കാർഷിക പ്രവൃത്തികൾക്ക് യന്ത്രങ്ങൾ ലഭ്യമാണ്.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ മാക്രോ മാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ സ്കീം പ്രകാരം കർഷകർക്ക് സബ്സിഡി നിരക്കിൽ ലഘുകാർഷിക യന്ത്രങ്ങൾ സ്വന്തമാക്കാനുള്ള പദ്ധതിയും നിലവിലുണ്ട്. കൃഷി യന്ത്രങ്ങൾ സൗജന്യമായി വ്യക്തിഗത കർഷകർക്ക് നൽകുന്നതിനുള്ള പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ